(ബി) ഡിപ്പാർട്ടുമെൻറ് വാഹനങ്ങളും മറ്റു സൗകര്യങ്ങളും ഡയറക്ടർ സ്വന്തം ആവശ്യങ്ങൾക്കും കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾക്കുമായി ദുരുപയോഗപ്പെടുത്തുന്നുവെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാര്യങ്ങളെക്കുറിച്ച് ഒരന്വേഷണം നടത്തി സത്യാവസ്ഥ മനസ്സിലാക്കാൻ ശ്രമിക്കുമോ?

ഉത്തരം

(എ) പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുകൊണ്ട് അന്വേഷണം നടത്തേണ്ട പ്രശ്നം ഉദിയ്ക്കുന്നില്ല.

കൊളമ്പോ പ്ലാൻ അനുസരിച്ച് ട്രെയിനിംഗിനയച്ച ഉദ്യോഗസ്ഥൻമാർ

1394 [2253] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊളമ്പോ പ്ലാൻ അനുസരിച്ച് ഫയർഫോഴ്സിൽ നിന്നും ഉദ്യോഗസ്ഥൻമാരെ ട്രെയിനിംഗിനയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ ഏതെല്ലാം രാജ്യങ്ങളിൽ;

(ബി) ഈ ഉദ്യോഗസ്ഥൻമാരെ തിരഞ്ഞെടുത്തതിൻെറ അടിസ്ഥാനമെന്ത്; ട്രെയിനിംഗ് വിവരം എല്ലാ ഓഫീസർമാരേയും സർക്കുലർ മുഖാന്തിരം അറിയിച്ചതിനുശേഷമാണോ ഉദ്യോഗസ്ഥൻമാരെ നിശ്ചയിച്ചത്; അല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

(സി) ഫയർഫോഴ്സ് ഡയറക്ടർ, ട്രെയിനിംഗിന് അയക്കേണ്ട ഉദ്യോഗസ്ഥൻമാരുടെ പാനൽ ശുപാർശസഹിതം ഗവൺമെൻറിന് സമർപ്പിച്ചിരുന്നുവോ; ആ പാനലിൽ എത്ര ഉദ്യോഗസ്ഥൻമാരുടെ പാനൽ ഉൾപ്പെടുത്തിയിരുന്നു?

ഉത്തരം

(എ) ഉണ്ട്. ഒരാളെ ജപ്പാനിലേക്ക് അയക്കുകയുണ്ടായി.

(ബി) ഉദ്യോഗസ്ഥൻമാരെ തിരഞ്ഞെടുക്കുന്നതിൻെറ അടിസ്ഥാനം വിദ്യാഭ്യാസ യോഗ്യത, ഫയർഫോഴ്സിൽ 3 വർഷത്തിൽ കൂടുതൽ സേവനം, പ്രായപരിധി, പരിശീലനം നടത്താനുള്ള ആരോഗ്യം എന്നിവയാണ്. ട്രെയിനിംഗ് വിവരം എല്ലാ ആഫീസർമാരേയും സർക്കുലർ മുഖാന്തിരം അറിയിച്ചിട്ടില്ല. ജപ്പാനിലെ ട്രെയിനിംഗിന് ഒന്നാമതായി നിർദ്ദേശിക്കപ്പെട്ടിരുന്ന വിദ്യാഭ്യാസ യോഗ്യത നിയമബിരുദമാണ്. നിയമബിരുദമുള്ള ഒരാൾ മാത്രമേ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ആ ഉദ്യോഗസ്ഥൻെറ പേരുമാത്രമാണ് ശുപാർശ ചെയ്തിരുന്നത്.

(സി) ഒന്നാമതായി പറയുന്ന നിയമബിരുദമുള്ള ഒരാൾ മാത്രം ഉണ്ടായിരുന്നതുകൊണ്ട് പാനൽ അയച്ചിരുന്നില്ല. ഒരാളുടെ പേരുമാത്രമേ ശുപാർശ ചെയ്തിരുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly